"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയം ഭരണ വകുപ്പ് - കണ്ണൂർ ജില്ല — ചൊക്ലി ഗ്രാമപഞ്ചായത്ത് - 2005-06 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - ഖണ്ഡിക 3.8 - തടസ്സപ്പെട്ടുത്തിയ തുക - സാധൂകരണം നൽകി ഉത്തരവ് പുറപ്പെട്ടവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ ( എ ബി ) വകുപ്പ്**

G.O.(Rt) No.1934/2025/LSGD തീയതി,തിരുവനന്തപുരം, 05-08-2025

---

പരാമർശം:- 1. തദ്ദേശ സ്വയംഭരണ വകുപ്പ് റൂറൽ ഡയറക്ടറുടെ 19.04.2022 ലെ പി എ എൻ/1654/2022- എം3 ( ഡി പി ) നമ്പർ കത്ത്.

2. കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 21.07.2023 ലെ ഡി.കെ.എസ്.എ 2001/പി.റ്റി2/2023 നമ്പർ കത്ത്.

**ഉത്തരവ്**

കണ്ണൂർ ജില്ലയിലെ ചൊക്ലി ഗ്രാമപഞ്ചായത്തിൽ ഗ്രാമവികസന ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ സി.ഡി.എസ്സ്-ന് കമ്പ്യൂട്ടർ വാങ്ങൽ എന്ന പ്രവൃത്തിയ്ക്ക് (പ്രോജക്ട് നം എസ് ഒ 37/06) ചെലവായ 38,600/- രൂപ പരാമർശയിനം മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായതിനാൽ 2005-06 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-8 പ്രകാരം സംസ്ഥാന ഓഡിറ്റ് വകുപ്പ് തടസ്സപ്പെടുത്തിയിരുന്നു.

2.പരാമർശ പ്രജക്ട് നടപ്പാക്കിയതുവഴി 2005-06 കാലഘട്ടത്തിൽ കമ്പ്യൂട്ടർ ലഭിച്ചതിനാൽ കുടുംബശ്രീ പ്രവർത്തനങ്ങൾക്കും, പഞ്ചായത്തിലെ പദ്ധതി പ്രവർത്തനങ്ങളും പിന്നീട് വന്ന തൊഴിലുറപ്പ് പദ്ധതി പ്രവർത്തനങ്ങളും സുഗമമാക്കുന്നതിന് സാധിച്ചിരുന്നതായി പഞ്ചായത്ത് ഭരണ സമിതി വിലയിരുത്തിയിട്ടുണ്ടെന്നും ഇതിനു വേണ്ടി ചെലവഴിച്ച തുക നഷ്ടമല്ലായെന്ന് ഗ്രാമപഞ്ചായത്ത് ഭരണസമിതിക്ക് ബോധ്യപ്പെട്ടിട്ടുള്ളതാണെന്നും പ്രസ്തുത ചെലവിന് സർക്കാർ സാധുകരണം ലഭ്യമാക്കാൻ ജില്ലാ മോണിറ്ററിംഗ് സമിതിയോഗം ശിപാർശ ചെയ്തിട്ടുണ്ടെന്നും ആയതിനാൽ ഓഡിറ്റ് തടസ്സത്തിന് സാധൂകരണം നൽകണമെന്നും പരാമർശം (1) പ്രകാരം ഡയറക്ടർ , തദ്ദേശ സ്വയംഭരണ വകുപ്പ് (റൂറൽ )ശിപാർശ സമർപ്പിച്ചിട്ടുണ്ട്.

3.ചൊക്ലി ഗ്രാമപഞ്ചായത്തിന്റെ 2005-2006 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-8 ലെ പരാമർശത്തിന് സാധൂകരണം നൽകുന്നതിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് എതിരഭിപ്രായമില്ലെന്ന് പരാമർശം (2) പ്രകാരം സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

4.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ചൊക്ലി ഗ്രാമപഞ്ചായത്തിൽ

ഗ്രാമ വികസന ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി 37/06 നമ്പർ പദ്ധതി പ്രകാരം സി.ഡി.എസ് ന് കമ്പ്യൂട്ടർ വാങ്ങി, നൽകുവാനായി കമ്പ്യൂട്ടറിന്റെ വിലയായി 38,600/- രൂപ റൂബി സിസ്റ്റം എന്ന സ്ഥാപനത്തിനു നൽകിയിരുന്നു. എന്നാൽ കേരള വികസന പദ്ധതി 2002-07 ജി.ഒ.എം.എസ് 40/2004/പ്ലാനിംഗ് 31.03.04 സി.ഡി.എസ് -നു വേണ്ടി ഉപകരണങ്ങൾ വാങ്ങി നൽകുന്നതിന് പഞ്ചായത്ത് പദ്ധതി പണം വിനിയോഗിക്കുവാൻ അനുവാദമില്ലാത്തതിനാലാണ് ഓഡിറ്റിൽ ടി ചെലവ് തടസ്സപ്പെടുത്തിയിരുന്നത്. എന്നിരുന്നാലും തദ്ദേശ സ്വയംഭരണ വകുപ്പ് റൂറൽ ഡയറക്ടർ, സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടർ എന്നിവരുടെ ശിപാർശ പരിഗണിച്ചും പഞ്ചായത്ത് ഭരണസമിതി തീരുമാനം, ജില്ലാതല ഓഡിറ്റ് മോണിറ്ററിംഗ് കമ്മിറ്റി തീരുമാനം എന്നിവ കണക്കിലെടുത്തും വരും വർഷങ്ങളിൽ സർക്കാരിന്റെ മുൻകൂർ അനുമതി കൂടാതെ മാർഗ്ഗരേഖയിൽ നിന്നും വ്യതിചലിച്ച് പദ്ധതികൾ നടപ്പാക്കരുത് എന്നുള്ള നിർദ്ദേശത്തോട് കൂടി കണ്ണൂർ ജില്ലയിലെ ചൊക്ലി ഗ്രാമപഞ്ചായത്തിന്റെ 2005-2006 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-8 പ്രകാരം തടസ്സപ്പെടുത്തിയ **38,600/- രൂപയുടെ (മുപ്പത്തി എണ്ണായിരത്തി അറുനൂറ് രൂപ മാത്രം)** ചെലവിന് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
GANGA G R
UNDER SECRETARY

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
സെക്രട്ടറി, ചൊക്ലി ഗ്രാമപഞ്ചായത്ത്, കണ്ണൂർ
അക്കൗണ്ടന്റ് ജനറൽ ( എ & ഇ/ഓഡിറ്റ് ) കേരള , തിരുവനന്തപുരം
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ , തിരുവനന്തപുരം ( തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനു വേണ്ടി )
വെബ് & ന്യൂ മീഡിയ, വിവരപൊതുജന സമ്പർക്ക വകുപ്പ് ( സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനു വേണ്ടി )
സ്റ്റോക്ക് ഫയൽ / ഓഫീസ് പകർപ്പ് ( LSGD-AB2/21/2023-LSGD )

ഉത്തരവിൻ പ്രകാരം

Signed by
Jayakrishnan. K
സെക്ഷൻ ഓഫീസർ
Date: 07-08-2025 10:49:43